**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3516** **05-08-2021 - ൽ മറുപടിയ്ക്ക്**

**നികുതി നിർണ്ണയ നോട്ടീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തർക്കങ്ങൾ കടന്നുകൂടാതെ നികുതി നിർണ്ണയ നോട്ടീസുകൾ നിയമവിധേയമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | തർക്കങ്ങൾ ഒഴിവാക്കുന്നതിനായി വ്യക്തമായ വിവരങ്ങളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലാണ് നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നത്. നികുതി നിർണ്ണയ നോട്ടീസുകളിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് തർക്കങ്ങൾ ഉള്ളപക്ഷം മറുപടി നൽകുവാനും ഹിയറിംഗിനും നിയമപ്രകാരമുള്ള അവസരമുണ്ട്. ടി മറുപടി പരിശോധിച്ച് തർക്കങ്ങൾ പരിഹരിച്ചതിനുശേഷമാണ് നികുതി നിർണ്ണയ ഉത്തരവുകൾ നൽകുന്നത്. ചരക്കു സേവന നികുതിയിൽ നികുതി നിർണ്ണയം പൂർത്തിയാക്കുന്നതിനു മുൻപായി നികുതി ബാധ്യത ഉള്ളവർക്ക് സ്വമേധയാ നികുതിയടച്ച് തെറ്റ് തിരുത്തുന്നതിനുള്ള അവസരം ഒന്നിലധികം തവണ ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ